പ്ലാസ്റ്റിക് കണിക്കൊന്നയുടെ ഉപയോഗം: മനുഷ്യാവകാശ കമ്മിഷൻ കേസെടുത്തു

കോഴിക്കോട്: വിഷുക്കാലത്ത് വിപണിയിൽ വൻതോതിൽ വിറ്റുപോയ പ്ലാസ്റ്റിക് കണിക്കൊന്ന പരിസ്ഥിതിക്ക് ഗുരുതര പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മിഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് കേസെടുത്ത് തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്റ്റർക്ക് നോട്ടീസയച്ചു.

ഒറ്റ തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക് കണിക്കൊന്ന കേരളത്തിലെ മാലിന്യപ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാക്കുമെന്നാണ് പരാതി. ഇത്തരം പ്ലാസ്റ്റിക് പൂക്കൾ വിഷുവിന് ശേഷം നദികളിൽ ഉപേക്ഷിക്കുക വഴി നദികളും മലിനമാകും.

രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കാനാണ് ഉത്തരവ്. മേയിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വി.ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

പെൺകുട്ടിക്ക് അശ്ലീല ചിത്രങ്ങൾ അയച്ചു കൊടുത്ത യുവാവ് അറസ്റ്റിൽ

ഇരിങ്ങാലക്കുട : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വാട്ട്സ് ആപ്പ് വഴി പരിചയപ്പെടുകയും, സമാന പ്രായക്കാരിയായ പെൺകുട്ടിയെന്ന് തെറ്റിദ്ധരിപ്പിച്ച് സൗഹൃദം സ്ഥാപിച്ച ശേഷം അശ്ലീല ചിത്രങ്ങളയച്ചു കൊടുക്കുകയും ചെയ്ത കേസിൽ കോണത്തുകുന്ന് ചിലങ്ക സ്വദേശിയായ തരുപീടികയിൽ അലി മകൻ ഷാനവാസിനെ (43) ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു. ഈ സംഭവത്തിൽ പെൺകുട്ടി നൽകിയ പരാതിയെ തുടർന്ന് ഇരിങ്ങാലക്കുട പോലീസ് ജനുവരി മാസത്തിൽ എഫ് ഐആർ രജിസ്റ്റർ ചെയ്തിരുന്നു.

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ എം.എസ്. ഷാജൻ, എസ്ഐ ക്ലീറ്റസ്, എഎസ്ഐമാരായ മെഹറുന്നിസ, ഉമേഷ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

നഗ്നതാപ്രദർശനം യുവാവ് റിമാൻഡിൽ

ആളൂർ : പ്രായപൂർത്തിയാകാത്ത കുട്ടികൾക്കു മുൻപിൽ നഗ്നതാപ്രദർശനം നടത്തിയ കോടാലി സ്വദേശി പുത്തൻവീട്ടിൽ ഗോപാൽ (28 വയസ്സ്) എന്നയാളെയാണ് ഇരിങ്ങാലക്കുട ഡിവൈഎസ്പി കെ.ജിസുരേഷിന്റെ നിർദേശപ്രകാരം ആളൂർ എസ്ഐ എം.അഫ്സലും സംഘവും പിടികൂടിയത്.

പ്രതി ഗോപാൽ

ഇക്കഴിഞ്ഞ വെള്ളിയാഴ്ചയാണ് കേസ്സിനാസ്പദമായ സംഭവം. വീട്ടുമുറ്റത്ത് കുട്ടികൾ കളിക്കുന്നിടത്തേക്ക് വന്ന് ഇവിടെ മുതിർന്നവർ ആരുമില്ലേ, ഒരു വാടക വീട് അന്വേഷിച്ച് വന്നതാണെന്നു പരിചയപ്പെടുത്തിയ ഇയാൾ കുട്ടികൾക്കു നേരേ നഗ്നതാ പ്രദർശനം നടത്തുകയായിരുന്നു. സംഭവം അറിഞ്ഞയുടനെ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിരുന്നു. സംഭവശേഷം പല ഉൾവഴികളിലൂടെ സഞ്ചരിച്ച് രക്ഷപ്പെട്ട ഇയാളെ ഞായറാഴ്ച രാത്രി കോടാലി മൂന്നുമുറിയിൽ നിന്നാണ് പിടികൂടിയത്. ഇയാൾ സഞ്ചരിച്ച കാറും കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

കോടതിൽ ഹാജരാക്കിയ ഗോപാലിനെ റിമാന്റ് ചെയ്തു. പോക്സോ വകുപ്പ് ഉൾപ്പെടെയാണ് കേസ്എടുത്തിരിക്കുന്നത്. ഇരിങ്ങാലക്കുട ഡിവൈഎസ്പി കെ. ജി സുരേഷ്, ആളൂർ എസ്ഐ എം.അഫ്സൽ,എഎസ്ഐ വി.എം.മിനിമോൾ, സീനിയർ സിപിഒ ഇ.എസ്. ജീവൻ, സിപിഒ കെ.എസ്.ഉമേഷ് എന്നിവരാണ് പൊലീസ് സംഘത്തിൽ ഉണ്ടായിരുന്നത്

നാല് നാൾ മരത്തിൽ കുടുങ്ങിയ പൂച്ചയ്ക്ക് രക്ഷകനായി അബ്ദുറഹ്മാൻ

മാള: മാളപള്ളിപ്പുറം വലിയ വീട്ടിൽ അൻസാറിന്റെ വളർത്തു പൂച്ചയാണ് 40 അടി ഉയരമുള്ള വീട്ടുമുറ്റത്തെ മരത്തിൽ കുടുങ്ങിയത്. വിവരമറിഞ്ഞ അയൽവാസി വി.എസ്.അബ്ദുൽ ജമാൽ സോഷ്യൽ മീഡിയ വഴി സഹായം അഭ്യർത്ഥിച്ചു. മാള ഫയർ റെസ്ക്യൂ ടീമിന്റെ സഹായവും തേടി. നിയമ തടസം പറഞ്ഞ് സേന കയ്യൊഴിഞ്ഞതോടെയാണ് മാള ഐഎസ് ടി അസി.ഇമാം അബ്ദുറഹ്മാൻ രക്ഷയ്ക്ക് എത്തിയത്. വീട്ടുകാർ കുഞ്ഞൻ എന്ന് വിളിക്കുന്ന പൂച്ചയാണ് വീട്ടുമുറ്റത്തെ കുന്തിരിക്കം മരത്തിൽ കുടുങ്ങിയത്. നായ കുരച്ച് ഓടിച്ചതോടെയാണ് സംഭവങ്ങളുടെ തുടക്കം. മരത്തിലേക്ക് ഓടി കയറിയ പൂച്ച കുരയ്ക്കുന്ന നായയെ കണ്ട് വീണ്ടും വീണ്ടും ഉയരത്തിലേക്ക് കയറി. 40 അടിയോളം



കുഞ്ഞൻ പൂച്ച., അബ്ദുറഹ്മാൻ

ഉയരമുള്ള മരത്തിന്റെ മുകളിൽ കുടുങ്ങിയ പൂച്ചയ്ക്ക് പക്ഷെ താഴെ ഇറങ്ങാൻ കഴിഞ്ഞില്ല. ഇറങ്ങി വരുമെന്ന പ്രതീക്ഷയിൽ വീട്ടുകാർ കാത്തിരുന്നെങ്കിലും രണ്ടുദിനം പിന്നിട്ടിട്ടും പൂച്ച താഴേക്കിറങ്ങിയില്ല. തുടർന്ന് ഫയർ റെസ്ക്യൂ ടീമിനെ വിവരമറിയിച്ചു. കുടുങ്ങിയ പോയ പൂച്ചയെ രക്ഷപ്പെടുത്തണമെന്ന് അപേക്ഷിച്ചുവെങ്കിലും അവർ നിയമസാധ്യത പറഞ്ഞു കയ്യൊഴിഞ്ഞു. ഇതേത്തുടർന്ന് സേവന പ്രവർത്തന ടീമായ ഐഡിയൽ റിലീഫ് വിങ്ങിനെ അറിയിച്ചു. കൊടുങ്ങല്ലൂർ നിന്ന് ഇവർ ഉടൻ പുറപ്പെട്ടു. ഈ സമയമാണ് അബ്ദുറഹ്മാൻ എത്തുന്നത്. സംഭവം കണ്ട് അബ്ദുറഹ്മാൻ തൊട്ടടുത്ത മരത്തിലേക്ക് പാഞ്ഞു കയറി. അതി സാഹസികമായി പൂച്ചയെ താഴെ ഇറക്കുകയായിരുന്നു. പൂച്ച താഴെ ഇറങ്ങുന്ന സമയത്ത് രക്ഷാപ്രവർത്തകരും എത്തി. അവർ അബ്ദുറഹ്മാനെ പ്രശംസിച്ചു. കുടുംബസമേതം മാളയിൽ വർഷങ്ങളായി കഴിയുന്ന അബ്ദുറഹ് മാൻ അതിഥി തൊഴിലാളിയായി മാളയിൽ എത്തിയതാണ്. മലയാളം നന്നായി സംസാരിക്കാൻ കഴിയും. കുഞ്ഞൻ പൂച്ചയെ രക്ഷിതറിഞ്ഞ് നാട്ടുകാരുടെ അഭിനന്ദന പ്രവാഹവും അബ്ദുറഹ്മാനെ തേടിയെത്തി.

കേരളോത്സവത്തിൽ മിന്നും പ്രകടനം കാഴ്ചവച്ച് ചാവക്കാട് നഗരസഭ

ചാവക്കാട്: 8 മുതൽ 11 വരെ കോതമംഗലത്ത് വെച്ച് നടന്ന സംസ്ഥാന കേരളോത്സവത്തിൽ ചാവക്കാട് നഗരസഭയ്ക്ക് അഭിമാനകരമായ നേട്ടങ്ങൾ. ലോങ്ങ് ജമ്പിൽ ഒന്നാം സ്ഥാനം നേടിയ എം.എൻ.അർഷാദ്, ഹൈജമ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ടി.എ.ലുബാബ്, വനിതാ ഷട്ടിൽ ബാഡ്മിന്റണിൽ മികച്ച പ്രകടനം കാഴ്ച്ച വെച്ച വരദ സ്കന്ദകുമാർ എന്നിവരെ നഗരസഭ ചെയർപേഴ്സൺ ഷീജ പ്രശാന്ത് അനുമോദിച്ചു. വൈസ് ചെയർമാൻ കെ.കെ.മുബാറക്,സ്ഥിരസമിതി അധ്യക്ഷന്മാർ, കൗൺസിലർമാർ, നഗരസഭ സെക്രട്ടറി എം.എസ്.ആകാശ്, നഗരസഭ ഉദ്യോഗസ്ഥർ, നഗരസഭ യൂത്ത് കോഡിനേറ്റർ കെ. യു.ജാബിർ എന്നിവരും അനുമോദന ചടങ്ങിൽ പങ്കെടുത്തു.

വന്യജീവി ആക്രമണങ്ങളിൽ നിന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം

ചാലക്കുടി: അതിരപ്പിള്ളി മേഖലയിലെ വന്യജീവി കാട്ടാന ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്ന് ബിജെപി ആവശ്യപ്പെട്ടു. വന്യ ജീവി ആക്രമണങ്ങളിൽ നിന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തുക. വാഗ്ദാനങ്ങൾ പാഴാക്ക് ആകുന്നു എന്ന് ആരോപിച്ച് ബിജെപി ചാലക്കുടി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് വാഴച്ചാൽ ഡിഎഫ്ഒ ഓഫീസ് മാർച്ച് നടത്തുന്നു. മലക്കപ്പാറ, അതിരപ്പിള്ളി, അടിച്ചിൽ തൊട്ടി, ആദി മേഖലയിൽ വഞ്ചിക്കടവ് ഭാഗത്ത് കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ ദിവസങ്ങളിലായി മൂന്ന് പേർ കാട്ടാന ആക്രമണത്തിൽ കൊലപ്പെട്ട സംഭവത്തിൽ സർക്കാരിന്റേയും വനം വകുപ്പിന്റേയും അനാസ്ഥയും പിടിപ്പു കേടും മൂലമാണെന്ന് ബിജെപി തൃശൂർ സൗത്ത് ജില്ല പ്രസിഡന്റ് എ. ആർ.ശ്രീകുമാർ ആരോപിച്ചു. വർഷങ്ങൾക്ക് മുൻപ് ആറ് വയസുകാരിയേയും മുത്തച്ചനേയും കാട്ടാന ആക്രമിച്ച് കൊലപ്പെടുത്തിയിരുന്നു. അതിന് ശേഷം ഒട്ടനവധി തവണ നിരവധി പേർക്ക് കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റിരുന്നു. ആക്രമണങ്ങൾ തുടർക്കഥയായിട്ടും ശാശ്വത പരിഹാരമായിട്ടില്ല. സംഭവങ്ങൾ നടക്കുമ്പോൾ എംഎൽഎ, എംപി സർക്കാർ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി ചില പ്രഹസനങ്ങൾ നടത്തി പോവുന്നതല്ലാതെ തുടർ നടപടികൾ ഒന്നും ഉണ്ടാക്കുന്നില്ല. ജനങ്ങളുടെ നിരന്തരാവശ്യമാണ് വന്യ ജീവി ആക്രമണത്തിന് ശാശ്വത പരിഹാരമെന്നത്. സർവകക്ഷി യോഗം വിളിച്ച് ചേർക്കുന്നതല്ലാതെ അതിൽ നിന്ന് ഒരു പരിഹാരം ഉണ്ടാക്കുവാൻ സാധിക്കാറില്ല. 2020ൽ മുത്തച്ചനും കുട്ടിയും മരിച്ചപ്പോൾ മന്ത്രി തല സർവ്വ കക്ഷിയോഗം നടന്നിരുന്നു. എന്നിട്ടും അതിനുപോലും ഒരു പരിഹാരം കാണുവാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചില്ല. ഉന്നതികൾക്ക് ചുറ്റും ട്രഞ്ച് താഴ്ത്തി സുരക്ഷ ഉറപ്പാക്കണം, എല്ലാ ആദിവാസി കുടുംബങ്ങൾക്കും 50 ലക്ഷത്തിന്റെ ഇൻഷൂറൻസ് സർക്കാർ ചെലവിൽ ചെയ്തു കൊടുക്കണം. അതു വഴി കാടിന്റെ മക്കളെ സംരക്ഷിക്കണമെന്നും ഇപ്പോൾ കൊലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം കൊടുക്കുവാൻ സർക്കാർ തയ്യാറാവണമെന്നും ബിജെപി ആവശ്യപ്പെട്ടു.

കാട്ടാന ആക്രമണം: അടിയന്തര ധനസഹായം കൈമാറി

ചാലക്കുടി: കാട്ടാന ആക്രമണത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് അടിയന്തര ധനസഹായം കൈമാറി. മരിച്ചവരുടെ വീടുകൾ കലക്റ്റർ സന്ദർശിച്ചു. കാട്ടാന ആക്രമണത്തിൽ മരിച്ച വാഴച്ചാൽ സ്വദേശികളായ അംബിക (30), സതീഷ് (34) എന്നിവരുടെ വീടുകൾ ജില്ലാ കലക്റ്റർ അർജുൻ പാണ്ഡ്യൻ സന്ദർശിച്ചു, ആദരാഞ്ജലികൾ അർപ്പിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് അടിയന്തര ധനസഹായമായി അഞ്ച് ലക്ഷം രൂപ ജില്ലാ കലക്റ്റർ കൈമാറി.

ചാലക്കുടിയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച അടിച്ചിൽ തൊട്ടി മേഖലയിലെ തമ്പാൻറെ മകൻ സെബാസ്റ്റ്യൻ (20), വാഴച്ചാൽ സ്വദേശികളായ അംബിക (30), സതീഷ് (34) എന്നിവരുടെ ബന്ധുക്കൾക്ക് 10 ലക്ഷം രൂപ ധനസഹായം നൽകുമെന്ന് ജില്ലാ കലക്റ്റർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. ആദ്യഘട്ടമായിബന്ധുക്കൾക്ക് 5 ലക്ഷം രൂപ ഇന്നുതന്നെ കൈമാറി. മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ഫോറസ്റ്റ് വകുപ്പിൽ താൽക്കാലിക ജോലി നൽകുന്നതിന് സർക്കാരിന് ശുപാർശ നൽകുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

മൃതദേഹം പോസ്റ്റുമോർട്ടത്തിനായി എത്തിച്ച ജില്ലാ ആശുപത്രിയിൽ കലക്റ്റർ സന്ദർശിച്ചു. മരിച്ചവരുടെ ബന്ധുക്കളുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

കടയുടമയെ മർദിച്ച സംഭവത്തിൽ മൂന്ന് പ്രതികൾ അറസ്റ്റിൽ

വെങ്കിടങ്ങ് : തൊയക്കാവിൽ കട ഉടമയെ മർദിച്ച സംഭവത്തിൽ 3 പ്രതികൾ അറസ്റ്റിൽ. വെങ്കിടങ്ങ് സ്വദേശികളായ തൊയക്കാവ് വല വീട്ടിൽ വിപിൻ (37), ഏനാമാവ് വേലിയത്ത് വിഷ്ണു (25), തൊയക്കാവ് നിരട്ടി വീട്ടിൽ ധനേഷ് (41) എന്നിവരാണ് അറസ്റ്റിലായത്.

കേരള പത്രപ്രവർത്തക അസോസിയേഷൻ മേഖലാ സമ്മേളനം

ഇരിങ്ങാലക്കുട : കേരള പത്ര പ്രവർത്തക അസോസിയേഷൻ ഇരിങ്ങാലക്കുട മേഖലാ സമ്മേളനം നഗരസഭ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു. മൂലയിൽ വിജയകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് ഗോപി ചക്കുന്നത്ത് മുഖ്യ പ്രഭാഷണം നടത്തി. ജോസ് മാമ്പിള്ളി വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് ഗോപി ചക്കുന്നത്ത് അസോസിയേഷൻ അംഗങ്ങൾക്കുള്ള ഐഡി കാർഡുകൾ വിതരണം ചെയ്തു.

പുതിയ ഭാരവാഹികളായി തെരഞ്ഞെടുത്ത മൂലയിൽ വിജയകുമാർ, രാജീവ് മുല്ലപ്പിള്ളി, ജോസ് മാമ്പിള്ളി

നവീൻ ഭഗീരഥൻ സ്വാഗതവും രാജീവ് മുല്ലപ്പിള്ളി നന്ദിയും പറഞ്ഞു.. പുതിയ ഭാരവാഹികളായി മൂലയിൽ വിജയകുമാർ (പ്രസിഡന്റ്), കെ.കെ. ചന്ദ്രൻ (വൈസ് പ്രസിഡന്റ്), രാജീവ് മുല്ലപ്പിള്ളി (സെക്രട്ടറി), ബെന്നറ്റ് തൗണ്ടാശ്ശേരി (ജോ. സെക്രട്ടറി), ജോസ് മാമ്പിള്ളി (ട്രഷറർ), ഷോബി കെ. പോൾ, നവീൻ ഭഗീരഥൻ, അഞ്ജലി പി. ഉണ്ണികൃഷ്ണൻ (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

കേരള പത്ര പ്രവർത്തക അസോസിയേഷൻ ഇരിങ്ങാലക്കുട മേഖലാ സമ്മേളനം നഗരസഭ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

OMKARA ASSETS RECONSTRUCTION Pvt. Ltd.

ഓംകാര അസറ്റ്സ് റീകൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്

CIN: U67100TZ2014PTC020363

കോർപ്പറേറ്റ് ഓഫീസ്: കോഹിനൂർ സ്ക്വയർ, 470ം നില, എൻ.സി.കേൽക്കർ മാർഗ്, ആർ.ജി.ഗഡ്കരി ചൗക്ക്, ദാദർ (വെസ്റ്റ്), മുംബൈ- 400028

ഇമെയിൽ: rajesh.jumani@omkaraarc.com | ഫോൺ: 022-26544000

(ഇന്ത്യ റിസർജൻസ് എആർസി ട്രസ്റ്റ് IV ട്രസ്റ്റിയായി പ്രവർത്തിക്കുന്നു)

[അനുബന്ധം - IV-A] [പ്രൊവിസോ റൂൾ 8 (6) കാണുക 9(1) ചേർത്തു വായനപ്രകാരം]

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേലത്തിനുള്ള പൊതു അറിയിപ്പ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, (സർഫേസി ആക്റ്റ്), 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ റൂൾ 8 (6)ലെ 9(1) ചേർത്തു വായനപ്രകാരം സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന നോട്ടീസ്. 2002ലെ സർഫേസി ആക്റ്റ് & സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് എന്നിവ പ്രകാരമുള്ള അധികാരങ്ങളുപയോഗിച്ച്, സിറ്റി യൂണിയൻ ബാങ്ക്, സെക്യേർഡ് ക്രെഡിറ്റർക്ക് പണയം വച്ചിരിക്കുന്ന/പാർജ് ചെയ്തിരിക്കുന്ന താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ, തിരിച്ചെടുക്കുന്നതിനായി വായ്പക്കാർ/മോർട്ട്ഗേജർമാർ/ജാമ്യക്കാർ/കോർപ്പറേറ്റ് ജാമ്യക്കാർ എന്നിവരോട് (1) പാലറ്റ് എൻജിനിയേഴ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് (വായ്പക്കാരൻ), ഓഫിസ് നമ്പർ 2-1606 എ-3, ഫ്ലോറിക്കൻ ഹിൽ റോഡ്, കരിക്കാംകുളം, പോസ്റ്റ് കാരപ്പറമ്പ്, കാലിക്കറ്റ്-673010. (2) ശ്രീ. സജിത്‌ലാൽ പി. (സഹവായ്പ്പക്കാരൻ) താമസിക്കുന്നത്- നമ്പർ 5/405 ബി, പാലറ്റ് ഹൗസ്, സിവിൽ സ്റ്റേഷൻ, പി ഒ കൊഴിക്കോട്-673020. (3) ശ്രീമതി ഭവാനി ചാട്ടുകുട്ടി (സഹവായ്പ്പക്കാരൻ/പണയക്കാരൻ), താമസിക്കുന്നത്- നമ്പർ 5/405B, പാലാട്ട് ഹൗസ്, സിവിൽ സ്റ്റേഷൻ, PO കോഴിക്കോട്-673020. (4) ശ്രീമതി സരിത ചാട്ടുകുട്ടി (സഹവായ്പ്പക്കാരൻ), 150 എ, പിടികക്കണ്ടി പറമ്പ്, 37, കോഴിക്കോട്-673010. (5) ശ്രീമതി കവിത പാലാട്ട് (സഹവായ്പ്പക്കാരൻ) വീട് നമ്പർ 37/150-എ, പിടികണ്ടി പറമ്പ്, കുരുവിശ്ശേരി പോസ്റ്റ്, കോഴിക്കോട്-673010. (6) ശ്രീ. ബാവ ഇ (സഹവായ്പ്പക്കാരൻ/പണയക്കാരൻ), ഇന്നൻ, വല്ലടത്താഴം സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020. (7) ശ്രീ. രാജീവ് എം (സഹവായ്പ്പക്കാരൻ/പണയക്കാരൻ), ജന്നി, വല്ലടത്തയം ഫ്ലോറിക്കൻ ഹിൽ റോഡ്, സിവിൽ സ്റ്റേഷൻ, പി.ഒ, കോഴിക്കോട് -673020 എന്ന വിലാസത്തിലുള്ളത്, എന്നിവർക്ക് 7 ഡാസ്റ്റ് 2019ലെ കണക്കനുസരിച്ച് കുടിശിക തുകയായ 3,50,71,616.31/- (മൂന്ന് കോടി അമ്പത് ലക്ഷത്തി എഴുപത്തൊന്നായിരത്തി അറുന്നൂറ്റി പതിനാറ് രൂപ മുപ്പത്തിയൊന്ന് പൈസ) രൂപയും പലിശയുമുൾപ്പടെ പ്രസ്തുത അറിയിപ്പ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് സെക്ഷൻ 13(2) പ്രകാരം 09.11.2019ന് ഒരു ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പൊതുജനങ്ങളെ പൊതുവായും, വായ്പക്കാർക്കും ജാമ്യക്കാർക്കും പ്രത്യേകമായും ഇതിനാൽ അറിയിപ്പ് നൽകുന്നു.

കൂടാതെ, മുമ്പ് സിറ്റി യൂണിയൻ ബാങ്ക് 01.12.2021ലെ M/s എ മറൈൻ ഇൻഡസ്ട്രീസിന്റെ കടം ഇന്ത്യ റിസർജൻസ് എആർസി പ്രൈവറ്റ് ലിമിറ്റഡിന് (ഐആർഎപിഎൽ) നൽകിയിരുന്നു. 16.08.2024ലെ സെക്യൂരിറ്റി രസീത് പർച്ചേസ് കരാർ പ്രകാരം ഇന്ത്യ റിസർജൻസ് എആർസി പ്രൈവറ്റ് ലിമിറ്റഡ് എല്ലാ അവകാശങ്ങളും, ഉടമസ്ഥാവകാശങ്ങളും, ബാധ്യതകളും, ബാധ്യതകളും ഐആർപിഎല്ലിന് അനുകൂലമായി കൈമാറി. ഇന്ത്യയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നു റിസർജൻസ് എആർസി ട്രസ്റ്റ് IV, ഐആർപിഎൽ ഇന്ത്യയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നു റിസർജൻസ് എആർസി ട്രസ്റ്റ് IV ഇപ്പോൾ അസൈനറുടെ സ്ഥാനത്ത് എത്തി, കുടിശികകൾ തിരിച്ചുപിടിക്കാനും സെക്യൂരിറ്റി നടപ്പിലാക്കാനും അധികാരം നൽകിയിട്ടുണ്ട്.

അതിനാൽ, ഇന്ത്യ റിസർജൻസ് എആർസി ട്രസ്റ്റ് IVന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്ന ഐആർപിഎല്ലിന്റെ അംഗീകൃത ഉദ്യോഗസ്ഥൻ, കുടിശിക ഈടാക്കുന്നതിനായി താഴെപ്പറയുന്ന സുരക്ഷിത സ്വത്തുക്കൾ വിൽക്കാൻ ഇതിനാൽ ഉദ്ദേശിക്കുന്നു. സർഫേസി നിയമത്തിലെ സെക്ഷൻ 13 (2), (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള അവകാശങ്ങളും അധികാരങ്ങളും വിനിയോഗിച്ചാണ് വസ്തുവകകൾ വിൽക്കുന്നത്; 'എവിടെയാണോ അങ്ങനെയാണോ അങ്ങനെയാണ്', 'എന്താണോ ഉള്ളത് അത് പോലെയാണ്', 'എന്താണോ ഉള്ളത് അത്', 'ഉള്ളത് ഇല്ലാതെ അടിസ്ഥാനം' എന്നീ വ്യവസ്ഥകൾ പ്രകാരം അതത് കോളത്തിൽ താഴെ കാണിച്ചിരിക്കുന്ന തുക അതത് വായ്പക്കാരനിൽ നിന്നും സഹവായ്പ്പക്കാരനിൽ നിന്നും സെക്യേർഡ് ക്രെഡിറ്ററായി OARPLന് നൽകേണ്ടതാണ്. സ്ഥാവര സ്വത്തുക്കളുടെ വിവരണവും റിസർവ് വില, നിരതദ്രവ്യ നിക്ഷേപം (ഇഎംഡി), അറിയപ്പെടുന്ന ബാധ്യതകൾ എന്നിവയുടെ വിശദാംശങ്ങളും താഴെ കൊടുത്തിരിക്കുന്നു:

ലോട്ട്-1-വസ്തുവിന്റെ വിവരണം:- ശ്രീമതി ഭവാനി ചാത്തുക്കുട്ടിയുടെ കൈവശമുള്ള സ്ഥാവര വസ്തു:- 16.69 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ, റിസർവെ നമ്പർ: 5-5-156, കോഴിക്കോട് താലൂക്ക്, കച്ചേരി വില്ലേജ്, കോർപ്പറേഷൻ കോഴിക്കോട്, കോഴിക്കോട് ജില്ല. 673020 എന്നതിലുൾപ്പെട്ടത്. അതിർത്തികൾ സ്വത്ത് രേഖകൾ പ്രകാരം) കിഴക്ക്: ബാക്കിയുള്ള സ്ഥലം, പടിഞ്ഞാറ്: റോഡ്, വടക്ക്: രാമന്റെ സ്ഥലം തെക്ക്: റോഡ്.

റിസർവ് തുക : INR 1,54,00,000/- ഇഎംഡി : INR 15,40,000/

ലോട്ട്-2- വസ്തുവിന്റെ വിവരണം:- രാജീവിന്റെ കൈവശമുള്ള സ്ഥാവര വസ്തു:- 1.60 ആഴ്സ് (3.95 സെന്റ്) വിസ്തൃതിയോടെ കൂടിയ സ്ഥലവും അതിലുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ, സർവെ നമ്പർ 72/6, റീ സർവെ നമ്പർ: 590/5, താലൂക്ക് - കോഴിക്കോട്, വെങ്ങേരി വില്ലേജ്, ജില്ല - കോഴിക്കോട്- 673020 എന്നതിലുൾപ്പെട്ടത്. അതിർത്തികൾ (സ്വത്ത് രേഖകൾ പ്രകാരം) കിഴക്ക്: 5 അടി വിതിയുള്ള റോഡ്, പടിഞ്ഞാറ്: സതീദേവിയുടെ സ്ഥലം, വടക്ക്: ചന്ദ്രന്റെ സ്ഥലം, തെക്ക്: ബാവയുടെ സ്ഥലം

റിസർവ് തുക : INR 36,00 ,000/- ഇഎംഡി : INR 3,60,000/-

ലോട്ട്-3-വസ്തുവിന്റെ വിവരണം:- ഇ. ബാവയുടെ കൈവശമുള്ള സ്ഥാവര വസ്തു:- 1.60 ആഴ്സ് (3.95 സെന്റ്) വിസ്തൃതിയോടു കൂടിയ സ്ഥലവും അതിലുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ, സർവെ നമ്പർ 72/6, റിസർവെ നമ്പർ: 590/5, താലൂക്ക്- കോഴിക്കോട്, വെങ്ങേരി വില്ലേജ്, ജില്ല- കോഴിക്കോട്- 673020 എന്നതിലുൾപ്പെട്ടത്. അതിർത്തികൾ (സ്വത്ത് രേഖകൾ പ്രകാരം) കിഴക്ക്: 5 അടി വിതിയുള്ള റോഡ്, പടിഞ്ഞാറ്: രാജീവിന്റെ സ്ഥലം, തെക്ക്: ഓവുചാൽ.

റിസർവ് തുക : INR 36,00 ,000/- ഇഎംഡി : INR 3,60,000/-

ഇ-ലേല തിയതിയും സമയവും: 06.05.2025 from 11 am to 12 pm

പരിശോധന തിയതി :- 30.04.2025 Lot 1 11-12 Noon, Lot 2 1 to 2 PM Lot 3 3-4 PM

കുറഞ്ഞ ബിഡ് ഇൻക്രിമെന്റ് തുക :- Lot 1 153900 Lot 2 36000 Lot 3 36000

ബിഡ് ലെറ്റർ ഓഫ് പാർട്ടിസിപ്പേഷൻ/കൈവൈസി ഡോകുമെന്റ്/ഇഎംഡി തെളിവ് സമർപ്പിക്കേണ്ട അവസാന തിയതിയും സമയവും: 05.05.2025 വൈകിട്ട് 5 മണി വരെ

OAPL വഴി ഓൺലൈനായാണ് ലേലം നടത്തുന്നത്. ബിഡ് (ഓൺലൈനായും ഹാർഡ് കോപ്പിയായും) ഇഎംഡി (ഡിഡി/പേ ഓർഡർ ഒറിജിനൽ അല്ലെങ്കിൽ എൻഇഎഫ്ടി/ആർടിജി